

ഗിഫു മേലാറ്റൂർ

# ഉപദേശം വിറ്റ കശ്മീരി ബാലൻ

എന്തെങ്കിലും ജോലി കിട്ടുമോയെന്ന് പ്രതീക്ഷിച്ചാണ് അമീർ അബ്ദുല്ല എന്ന കശ്മീരി ബാലൻ പട്ടണത്തിലെത്തിയത്. മഹാപണ്ഡിതനായ പിതാവിന്റെ മരണശേഷമാണ് അമീർ ജോലി തേടിയെത്തുന്നത്. പിതാവ് പകർന്നു നൽകിയ അറിവ് പഠിപ്പിക്കാനായിരുന്നു അവൻ ആദ്യം ശ്രമിച്ചത്. എന്നാൽ ആരുംതന്നെ ഒരു ജോലിയും അമീറിന് നൽകിയില്ല.

എന്തെങ്കിലും പുതുമയുള്ള വഴി സ്വീകരിച്ചെങ്കിൽ മാത്രമേ തനിക്ക് മുന്നോട്ടു പോകാനാകൂ എന്ന് ബുദ്ധിമാനായ അമീറിന് തോന്നി. അവൻ ചന്തയിലെ ആലിൻ ചുവട്ടിലിരുന്നു. അരികെ ഒരു പലകയിൽ എഴുതി: ''ആദായ വിൽപ്പനക്ക് അറിവും ഉപദേശവും.''

പരസ്യപ്പലക വായിച്ച് ആളുകൾ ഊറിച്ചിരിക്കുകയും അമീറിനെ പരിഹസിക്കുകയും ചെയ്തുകൊണ്ടിരുന്നു. അറിവ് വിൽക്കുന്ന മഹാമണ്ടൻ! ''അറിവ് വിൽപ്പനക്ക് വെച്ച തന്നെ സമ്മതിക്കണം! മഹാ പണ്ഡിതൻമാർക്കേ അതിന് സാധിക്കൂ...''

അതൊന്നും കാര്യമാക്കാതെ അമീർ കാത്തിരുന്നു. ദിവസങ്ങളായിട്ടും ആരും അറിവ് വാങ്ങാൻ വന്നില്ല. അപ്പോൾ കശ്മീരിലെ പ്രഭുകുമാരനായ കേശവ് ചന്തയിലെത്തി. മന്ദബുദ്ധിയായ കേശവിനെ നാട്ടുകാർ മണ്ടൻ, വിഡ്ഢി എന്നെല്ലാം പറഞ്ഞ് പരിഹസിക്കുക പതിവാണ്.

'അറിവ് വിൽപ്പനക്ക്' എന്ന പരസ്യം കണ്ട കേശവിന് ഉൽസാഹമായി. തനിക്ക് വിവരമില്ല എന്നല്ലേ സകലരുടെയും പരാതി. അറിവ് വാങ്ങി താനുമൊരു ബുദ്ധിമാനാകും. കേശവ് അമീറിനെ സമീപിച്ചു.

''ഇതാ ഈ വെള്ളിരൂപ... ഇതിനുള്ള അറിവ് എനിക്ക് വേണം.''

ഭാവഭേദമൊന്നുമില്ലാതെ അമീർ വെള്ളിരൂപ വാങ്ങി ഒരു തുണ്ടു കടലാസിൽ ഭംഗിയായി എഴുതി: ''അപരിചിതരെ സൂക്ഷിക്കുക. അറിയാത്ത കാര്യത്തിന് അഭിപ്രായം പറയരുത്. ''

കുറിപ്പ് തന്റെ തലപ്പാവിലൊ



ട്ടിച്ച് സന്തോഷവാനായിക്കൊ ണ്ട് കേശവ് വീട്ടിലെത്തി, വിവരങ്ങൾ പിതാവിനെ ധരിപ്പിച്ചു. സംഗതിയറിഞ്ഞ പ്രഭു കലിതുള്ളിക്കൊണ്ട് ചന്തയിലെത്തി, അമീറിനോട് ദേഷ്യത്തിൽ പറഞ്ഞു: ''മന്ദബുദ്ധികളെ പറ്റിക്കരുത്, ആ പണം തിരിച്ചു നൽകണം.''

'' ആളുകളെ പറ്റിക്കുന്നത് എന്റെ ജോലിയല്ല പ്രഭോ... അങ്ങയുടെ മകൻ തന്ന വെള്ളി രൂപക്കുള്ള അറിവാണ് ഞാൻ നൽകിയത്.'' അമീർ കൂസലന്യേ പറഞ്ഞു.

''ഓഹോ.. എങ്കിൽ ഇതാ, താൻ വിളമ്പിയ അറിവ്.'' പ്രഭു കടലാസ് തിരികെ നൽകി.

''ശരി, പക്ഷേ ഒരു വ്യവസ്ഥയുണ്ട്. ഞാൻ നൽകിയ അറിവ് അങ്ങയുടെ മകൻ ഒരുകാലത്തും ഉപയോഗിക്കരുത്. എനിക്ക് വാക്കു തരണം.''

അങ്ങനെ ചെയ്യാമെന്നേറ്റ് രൂപ മടക്കി വാങ്ങി പ്രഭുവും മകനും സ്ഥലം വിട്ടു.

പിന്നീടൊരിക്കൽ കേശവ് പട്ടണത്തിലേക്കുള്ള യാത്രയിൽ ഒരു സത്രത്തിൽ വെച്ച് ഒരു വഴക്കിന് സാക്ഷിയായി. കാര്യമെന്താണ് എന്നറിയാൻ അവന് കൗതുകമുണ്ടായി. അപരിചിതരെ സൂക്ഷിക്കണമെന്നും അഭിപ്രായം പറയുന്നവരെ ശ്രദ്ധിക്കണമെന്നുമുള്ള അമീർ നൽകിയ ഉപദേശം കേശവ് ഓർത്തെങ്കിലും പിതാവ് അവ അനുസരിക്കേണ്ടതില്ലെന്ന് പറഞ്ഞിരുന്നതിനാൽ കാര്യമെന്തെന്നന്വേഷിച്ചു.

''ഞാനീ രാജ്യത്തെ മന്ത്രിപുത്രനാണ്. എന്നെ ഇവൻ കാരണമില്ലാതെ ഉപദ്രവിച്ചുവെന്ന് താൻ നാളെ രാജസന്നിധിയിൽ സാക്ഷി പറയണം.'' കേശവിനോട് ഒന്നാമൻ പറഞ്ഞു.

''ഞാൻ സേനാനായകന്റെ മകനാണ്. എനിക്ക് അനുകൂലമായി സാക്ഷി പറഞ്ഞില്ലെങ്കിലുണ്ടല്ലോ, ശരിപ്പെടുത്തിക്കളയും.'' രണ്ടാമൻ പറഞ്ഞതു കേട്ട് കേശവ് സ്തബ്ധനായി.

കേശവ് തിരികെയെത്തി പിതാവിനോട് വിവരം ധരിപ്പിച്ചു. പ്രഭുവിന് അങ്കലാപ്പായി. മന്ത്രിയുടെയും സേനാനായകന്റെയും മക്കൾ തമ്മിലുള്ള വഴക്കിന് സാക്ഷിയായിരിക്കുന്നത് എട്ടും പൊട്ടും തിരിയാത്ത എന്റെ മകൻ! ഇനിയെന്ത് ചെയ്യും?

''അച്ഛാ... നമുക്ക് പട്ടണത്തിലെ ആ കച്ചവടക്കാരനോട് ഉപദേശം തേടാം.''

മകൻ പറഞ്ഞതു തന്നെയാണ് ഉചിതമെന്ന് പ്രഭുവിനും തോന്നി. താമസിയാതെ ഇരുവരും ചന്തയിൽ അമീറിന്റെയടുത്തെത്തി, കാര്യം അവതരിപ്പിച്ചു. ''ഉപദേശം ഞാൻ തരാം, പ്രതിഫലം നൂറ് സ്വർണ്ണ നാണയമാണ്.''

''നൂറ് സ്വർണ്ണനാണയങ്ങളോ, താനെന്താ ആളെ കളിയാക്കുകയാണോ?''

''അല്ല പ്രഭോ, അറിവിനും ഉപദേശത്തിനും നല്ല വില നൽകേണ്ടിവരും.''

ഒടുവിൽ പ്രഭു സമ്മതിച്ചു. നൂറ് സ്വർണ്ണനാണയം വാങ്ങി അമീർ പറഞ്ഞു:

''രാജസന്നിധിയിൽ ഭ്രാന്തഭിനയിക്കുക. മാർഗം അതുമാത്രമേയുള്ളൂ.''

അങ്ങനെ രാജസന്നിധിയിൽ ഭ്രാന്തനായി അഭിനയിച്ച കേശവിനെ അധികാരികൾ പിടിച്ചു പുറത്താക്കി. തലക്ക് വെളിവുള്ളവരെ വേണം സാക്ഷി പറയാൻ വിളിക്കേണ്ടത് എന്ന് രാജാവ് ബന്ധപ്പെട്ടവരെ ശാസിക്കുകയും ചെയ്തു.

തൽക്കാലം രക്ഷപ്പെട്ടെങ്കിലും തന്റെ മകൻ ശരിക്കും ഭ്രാന്തനല്ല എന്ന സത്യം രാജാവ് അറിഞ്ഞാൽ നീതിപീഠത്തെ കബളിപ്പിച്ചുവെന്ന കുറ്റം വിടാതെ പിന്തുടരുമല്ലോയെന്ന് പ്രഭുവിന് തോന്നി.

പ്രഭു തലപുകഞ്ഞാലോചനയിലായി. ഒടു

**ഇന്ത്യയിലെ ഏറ്റവും വലിയ കപ്പൽനിർമ്മാണ ശാല– കൊച്ചിൻ ഷിപ്പ്‌യാർഡ്**

വിൽ അമീറിനെ കാണാൻ തന്നെ അദ്ദേഹം ഉറച്ചു. അമീറിന്റെ ഉപദേശത്തിന് പ്രഭു കാത്തു നിന്നു.



''ഉപദേശം തരാം. പ്രതിഫലം അഞ്ഞൂറ് സ്വർണ്ണനാണയമാണ്. കാരണം ഇത് ജീവൻ പോകാതിരിക്കുന്നതിനുള്ള അറിവും ഉപദേശവുമാണ്.'' അമീർ പറഞ്ഞു.

പ്രഭു സമ്മതിച്ചു. അഞ്ഞൂറ് സ്വർണ്ണ നാണയം അമീറിന് നൽകി.

''സത്യം തുറന്ന് പറയുക. അത് രാജാവിന്റെ നല്ല മാനസികനില നോക്കി വേണം.''

രാജാവ് സന്തോഷവാനായിരിക്കുമ്പോൾ സത്യം തുറന്ന് പറയാനാണ് അമീർ ഉപദേശിച്ചിരിക്കുന്നത്. പ്രഭു വൈകാതെ കൊട്ടാരത്തിലേക്ക് നടന്നു. രാജാവിനെ മുഖം കാണിച്ച് ഉണ്ടായതെല്ലാം പ്രഭുവും മകനും ഏറ്റുപറഞ്ഞു. കാര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടപ്പോൾ ചന്തയിൽ അറിവ് വിൽക്കുന്ന അമീറിനെക്കുറിച്ച് പ്രഭു പറഞ്ഞു. അങ്ങനെ അമീറിനെ കൊട്ടാരത്തിലേക്ക് വിളിപ്പിച്ചു. കൊട്ടാരത്തിലെത്തിയ അമീറിനോട് കാര്യങ്ങളെല്ലാം രാജാവ് ചോദിച്ചറിഞ്ഞു.

''ആയിരം സ്വർണ്ണനാണയം കശ്മീർ രാജാവായ ഞാൻ നിങ്ങൾക്ക് തരും. എന്ത് ഉപദേശമാണ് നൽകുന്നത്?'' രാജാവ് ചോദിച്ചപ്പോൾ അമീർ പറഞ്ഞു:'' രണ്ടുവട്ടം ആലോചിച്ചു മാത്രമേ ഒരു കാര്യം ചെയ്യാവൂ.'' രാജാവിന് ആ അറിവ് നന്നായി ബോധിച്ചു.

പിന്നീട് ഏറെക്കാലം കഴിഞ്ഞപ്പോൾ രാജാവിന് കലശലായ അസുഖം ബാധിച്ചു. ചികിൽസിക്കാൻ അന്യനാടുകളിൽ നിന്ന് വൈദ്യൻമാർ കൊട്ടാരത്തിലെത്തി.

എങ്ങനെയെങ്കിലും രാജാവിന്റെ കഥ കഴിച്ച് അധികാരം സ്വന്തമാക്കാനുള്ള ശ്രമങ്ങൾ നടത്തിയിരുന്ന മന്ത്രിക്ക് രാജാവിനുണ്ടായ അസുഖം സന്തോഷമാണുണ്ടാക്കിയത്.

വൈദ്യൻമാർക്ക് പണവും വാഗ്ദാനങ്ങളും നൽകി അവരെ വശത്താക്കി മരുന്നിൽ വിഷം ചേർത്ത് രാജാവിനെ അവസാനിപ്പിക്കാനായിരുന്നു മന്ത്രിയുടെ പദ്ധതി. അതുപ്രകാരം വിഷം കലക്കിയ മരുന്നുമായി വൈദ്യൻമാർ അരമനയിലെത്തി.

അമീർ നൽകിയ ഉപദേശം തുന്നിയ തൂവാല പിടിച്ച് വിശ്രമിക്കുകയായിരുന്നു രാജാവപ്പോൾ. മരുന്ന് നിറച്ച ചഷകം രാജാവിന് നൽകിയപ്പോൾ അദ്ദേഹം അറിയാതെ തൂവാലയിലെ വാക്കുകൾ അൽപം ഉറക്കെ ആവർത്തിച്ചു.

''രണ്ടു വട്ടം ആലോചിച്ചു മാത്രമേ എന്തുകാര്യവും ചെയ്യാവൂ.. ''

രാജാവിന്റെ നോട്ടവും വാക്കുകളും കേട്ട വൈദ്യൻമാർ സ്തബ്ധരായി. തങ്ങളുടെ കുരുട്ടു വിദ്യ രാജാവിന് പിടിത്തം കിട്ടിയിരിക്കുന്നു!

''മഹാരാജാവ് മാപ്പാക്കണേ, അടിയങ്ങളോട് പൊറുക്കണേ!''

വൈദ്യൻമാർ കാൽക്കൽ വീണ് മാപ്പിരക്കുകയും ഉണ്ടായതെല്ലാം വിശദീകരിക്കുകയും ചെയ്തു. രാജാവ് ഞെട്ടിപ്പോയി. മന്ത്രിയുടെ ചതി അപ്പോൾ മാത്രമാണ് അദ്ദേഹം അറിയുന്നത് തന്നെ.

ദുഷ്ടനും വഞ്ചകനുമായ മന്ത്രിയെ അപ്പോൾ തന്നെ രാജാവ് ശിക്ഷിച്ചു. ✦

**ഓണത്തെക്കുറിച്ച് പരാമർശമുള്ള സംഘകാല കൃതി– മധുരൈ കാഞ്ചി**